

# തൂലിക

**സെൻറ മേരീസ് ജി. എച്ച്. എസ്.**

**കാഞ്ഞിരപ്പള്ളി**




# സെന്റ് മേരീസ് ജി.എച്ച്.എസ് കാഞ്ഞിരപ്പള്ളി




# ലിറ്റിൽ കൈറ്റ്സ്

## സെന്റ് മേരീസ് ജി.എച്ച്.എസ്

## കാഞ്ഞിരപ്പള്ളി

# ആമുഖം

പ്രിയപ്പെട്ടവരേ,

നമ്മുടെ മാതൃഭാഷയായ മലയാളം നമ്മുക്ക് ഏറെ പ്രിയപ്പെട്ടതാണ്.അതിനാലാണ് കൈറ്റിലെ വിദ്യാർത്ഥികൾ മലയാളത്തിൽ ഈ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നത്.സമ്പന്നമായ ഒരു സാഹിത്യ ലോകം മലയാള ഭാഷയ്ക്കുണ്ട്.പ്രശസ്ത വ്യക്തികൾ രചിച്ച കവിതകളുടെയും കഥകളുടെയും ഒരു സമാഹാരമാണ് ഈ മാഗസിൻ.സ്വതന്ത്രമായ വായനക്കും ചിന്തയ്ക്കും ഈ മാഗസിൻ നിങ്ങളെ സഹായിക്കും.അറിവിനോടൊപ്പം ഇത് നിങ്ങൾക്ക് വിശാലമായ ഒരു ചിന്താ ലോകവും തുറക്കുമെന്ന പ്രത്യാശയോടെ,

കൈറ്റിലെ വിദ്യാർത്ഥികൾ

# എഡിറ്റോറിയൽ

**വായനയുടെ ലോകം ഇപ്പോൾ വളരെ വിശാലമാണ്. ഈ കാലഘട്ടത്തിൽ നമ്മുക്ക് വായനയ്ക്കും വിനോദത്തിനുമായി ഒത്തിരിയേറെ സാദ്യതകളുണ്ട്.ആ സാദ്യതയിലേക്ക് നമ്മൾ ഒരു വാതിൽ കൂടെ തുറക്കുകയാണ്,കൈറ്റിന്റെ ഡിജിറ്റൽ മാഗസിൻ.ഈ മാഗസിനിൽ ഒട്ടേറെ  പ്രശസ്ത വ്യക്തികൾ രചിച്ച കവിതകളും കഥകളും ഉണ്ട്.അവ നമ്മുക്ക് അറിവിനോടൊപ്പം  മനസ്സിന് കുളിർമയും ഏകുന്നു.ഈ മാഗസിൻ നമ്മുക്കെല്ലാവർക്കും ഒരു നല്ല അനുഭൂതി പകരട്ടേയെന്ന് ആശംസിക്കുന്നു.**

**എന്ന് സ്വന്തം**
**എഡിറ്റർ**
**ഡിയോണാ സജി**

# എഡിറ്റോറിയൽ ബോർഡ്

1. ഡിയോണാ സജി
2. ബിവ്യാ തെരേസ് മനോജ്
3. ജെസ്റ്റിമോൾ സണ്ണി
4. സാനിയാ പി.ജെ
5. ഫിദാ ഫാത്തിമാ സി.എൻ
6. അന്ന കെനഡി



# ആശംസ

ആയിരം കണക്കിനു കുട്ടികളെ അറിവിന്റെ ലോകത്തേക്ക് കൈപിടിച്ച് ആനയിച്ചിട്ടുള്ള ഈ സരസ്വതി ക്ഷേത്രം നേട്ടങ്ങളുടെ പട്ടികയിലും ഒന്നാം സ്ഥാനത്താണ് . അനേകം പൗരൻമാരെ ഇനിയും നല്കാൻ ഈ സ്ഥാപനത്തിനുകഴിയട്ടെ. ഈ ഡിജിറ്റൽ മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും ആശംസകൾ.

എന്ന് സ്നേഹത്തോടെ

ഹെഡ്മിസ്ട്രസ്

സി. ലൗലി ജോൺ

# താളുകൾ മറിക്കുമ്പോൾ..

1.ലിറ്റിൽ കൈറ്റ്സ്
2.അമ്മ-കവിത
3.ഓർമ്മകളുടെ ഓണം-കവിത
4.സ്വതന്ത്രസോഫ്റ്റ്‍വെയർ ദിനം-ഉപന്യാസം
5.ആട്ടിടയൻെ്റ കഥ-കഥ
6.സ്വതന്ത്രസോഫ്റ്റ്‍വെയർ ദിനം-പോസ്റ്റർ
7.ട്രേയിനിംഗ് പ്രോഗ്രാം
9.സഫലമീ യാത്ര-കവിത
9.ഫുൾ എ+ നൽകിയ കുട്ടികളെ ആദരിക്കുന്നു
10.രാത്രിമഴ-കവിത
11.സ്വതന്ത്രസോഫ്റ്റ്‍വെയർ ദിനം-പോസ്റ്റർ
12.തെംസ്റ്റ്ദിയോട് -കവിത
13.കാളകൾ-കവിത
14.ബഷീർ-വിവരണം
15.സ്കൂൾ പ്രവൃത്തനങ്ങൾ
16.ആശാൻ എന്ന മാനി-ഉപന്യാസം

17.അണ്ണാൻ-കവിത

18.പുസ്തകം-കവിത

19.മാവ്-കവിത

20.അമ്മ-കവിത

21.ഭൂമി-കവിത

22.നിദ്ര-കവിത

23.രാത്രി-കവിത

24.വിദ്യാലയം-കവിത

25.പൂവ്-കവിത

26.ഖനനം-കവിത

27.ഭൂമിയുടെ ദാഹം-കവിത

28.ചുവന്ന പൂവ്-കവിത

29.കേരളം-കവിത

30.സൗഹൃദം-കവിത

31.പുലരി-കവിത

32.കൂട്ടുകാരി-കവിത

33.നന്മയുടെ മുകളങ്ങൾ-കവിത

34.ഗുരു-കവിത

35.നീ-കവിത

36.അദ്ധ്വാനത്തിന്റെ മഹത്ത്വം-കവിത

37.സഖാവ്-കവിത

# ലിറ്റിൽ കൈറ്റ്സ്

**2018 ൽ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് സാങ്കതിക വിദ്യാഭ്യാസരംഗത്തെ ഒരു പുതിയ സംരംഭമാണ്. സാങ്കേതിക വിദ്യയോടുള്ള പുതുതവമറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാതമകമായും പ്രയോജനപ്പെടുത്തുന്നതിനായി ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി. കൂട്ടായ്മ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയിരിക്കുന്നു.**

# അമ്മ

-ഒ.എൻ.വി  കുറുപ്പ്



ഒൻപതുപേരവർ കൽപ്പണിക്കാർ
ഓരമ്മപെറ്റവരായിരുന്നു
ഒൻപതുപേരും അവരുടെ നാരിമാരൊൻപതും
ഒന്നിച്ചു വാണിരുന്നു
കല്ലുകൾച്ചെത്തിപ്പടുക്കുമാകൈകൾക്ക്
കല്ലിനെക്കാളുറപ്പായിരുന്നു
നല്ലപകുതികൾ നാരിമാരോ കല്ലിലെ
നീരുറവായിരുന്നു
ഒരുകല്ലടുപ്പിലെ തീയിലല്ലോ അവരുടെ കഞ്ഞി തിളച്ചിരുന്നു
ഒരു വിളക്കിൻ വെളിച്ചത്തിലല്ലോ അവരുടെ തീനും
തിമിതിമിർപ്പും
ഒരു കിണർ കിനിയുന്ന നീരല്ലോ കോരികുടിക്കാൻ
കുളിക്കുവാനും
ഒൻപതറകൾ വെവ്വേറെ അവർക്കന്തിയുറങ്ങുവാൻ മാത്രമല്ലോ
ചെത്തിയകല്ലിന്റെ ചേലുകണ്ടാൽ കെട്ടിപ്പടുക്കും പടുതകണ്ടാല്

അ കൈവിരുതു പുകഴ്ത്തുമാരും അ പുകഴ് ഏതിനും മീതെയല്ലോ

കോട്ടമതിലും മതിലകത്തെ കൊട്ടാരം കോവിൽ കൂത്തമ്പലവും
അവരുടെ കൈകൾ പടുത്തതത്രേ അഴകും കരുത്തും
കൈകോർത്തതത്രേ
ഒൻപതും ഒൻപതും കല്ലുകൾ ചേർന്നൊരുശിൽപ ഭംഗി
തളിർത്തപോലേ
ഒൻപതുകൽപ്പണിക്കാരവർ നാരിമാരൊൻപതും ഒന്നിച്ച്
വാണിരുന്നു
അതുകാലം കോട്ടതൻ മുന്നിലായി പുതിയൊരു ഗോപുരം
കെട്ടുവാനായ്
ഒത്തു പതിനെട്ടുകൈകൾ വീണ്ടും ഉത്സവമായ് ശബ്ദഘോഷമായി
കല്ലിനും മീതെയായ് നൃത്തമാടി കല്ലുളി കൂടങ്ങൾ താളമിട്ടു
ചെത്തിയകല്ലുകൾ ചാന്തു തേച്ച് ചേർത്തു പടുക്കും
പടുതയെന്തേഇക്കുറി വല്ലായ്മയാർന്നപോയി
ഭിത്തിയുറക്കുന്നീലൊന്നുകൊണ്ടും
ഭിത്തിയുറക്കുന്നീലൊന്നുകൊണ്ടും .
ചെത്തിയകല്ലുകൾ ചാന്തു തേച്ച് ചേർത്തു പടുക്കും
പടുതയെന്തേഇക്കുറി
വല്ലയ്മയാർന്നപോയി ഭിത്തിയുറക്കുന്നീലൊന്നുകൊണ്ടും
കല്ലുകൾ മാറ്റിപ്പടുത്തുനോക്കി കയ്യുകൾ മാറിപ്പണിഞ്ഞു നോക്കി
ചാന്തുകൾ മാറ്റിക്കുഴച്ചുനോക്കി ചാർത്തുകളൊക്കെയും
മാറ്റിനോക്കി
തെറ്റിയതെന്താണെവിടെയാവൊ
ഭിത്തിയുറക്കുന്നീലൊന്നുകൊണ്ടും

എന്താണതപോംവഴിയെന്നൊരൊറ്റച്ചിന്തയവരിൽ
പുകഞ്ഞുനിൽക്കെ
വെളിപാടുകൊണ്ടാരോ ചൊല്ലിയത്രെ അധികാരമുള്ളോരതേറ്റ
ചൊല്ലി
ഒൻപതുണ്ടല്ലോ വധുക്കളെന്നാൽ ഒന്നിനെചേർത്തീ
മതിൽപടുത്താല്
ആ മതിൽ മണ്ണിലുറച്ചുനിൽക്കും ആ ചന്ദ്രതാരമുയർന്നുനിൽക്കും
ഒൻപതുണ്ടത്രേ പ്രിയവധുക്കൾ
അൻപിയെന്നോരവരൊന്നുപൊലെ
ക്രൂരമാമീബലിക്കായതിൽനിന്ന് ആരെയൊരുവളെ മാറ്റിനിർത്തും
കൂട്ടത്തിലേറ്റവും മൂപ്പെഴുന്നോൻ തെല്ലൊരുറ്റത്തോടപ്പോൾ
പറഞ്ഞുപോയി
ഇന്നുച്ചനേരത്ത് കഞ്ഞിയുമായ് വന്നെത്തിടുന്നവൾ ആരുമാട്ടെ
അവളെയും ചേർത്തീ മതിൽ പടുക്കും അവളീപ്പണിക്കാർതൻ
മാനം കാക്കും
ഒൻപതുപേരവർ കൽപ്പണിക്കാർ ഒൻപതു മെയ്യും ഒരു മനസ്സും
എങ്കിലും ഒൻപതുപേരുമപ്പോൾ സ്വന്തം വധുമുഖം മാത്രമോർത്തു
അശുഭങ്ങൾ ശങ്കിച്ചുപോകയാലോ അറിയാതെ
നെടുവീർപ്പുതിർന്നുപോയി
ഒത്തു പതിനെട്ടുകൈകൾ വീണ്ടും ഭിത്തി പടുക്കും പണി തുടർന്നു
തങ്ങളിൽ നോക്കാനുമായിടാതെ എങ്ങോ മിഴിനട്ടു നിന്നവരും
ഉച്ചവെയിലിൽ തിളച്ചകഞ്ഞി പച്ചിലതോറും പകർന്നതാരോ
അക്കഞ്ഞിപാർന്നതിൻ ചൂടുതട്ടി പച്ചത്തലപ്പുകളൊക്കെ വാടി


കഞ്ഞിക്കലവും തലയിലേന്തി കയ്യാലെതാങ്ങിപ്പിടിച്ചുകൊണ്ടേ
മുണ്ടകപ്പാടവരംബിലൂടെ മുന്നിലെചെന്തെങ്ങിൻ തോപ്പിലൂടെ
ചുണ്ടത്ത് തുമ്പച്ചിരിയുമായി മണ്ടിക്കിതച്ചുവരുന്നതാരോ
മണ്ടിക്കിതച്ചുവരുന്നതാരോ
മൂക്കിന്റെതുമ്പത്ത് തൂങ്ങിനിന്ന മുത്തുപോൽ ഞാത്തുപോൽ
വേർപ്പുതുള്ളി
മുന്നിൽ വന്നങ്ങനെ നിന്നവളോ മൂത്തയാൾ വേട്ടപെണ്ണായിരുന്നു
ഉച്ചക്കകഞ്ഞിയും കൊണ്ടുപോരാൻ ഊഴമവളുടേതായിരുന്നു
ഒൻപതുപേരവർ കൽപ്പണിക്കാർ ഒൻപതു മെയ്യും ഒരു മനസ്സും
എങ്കിലുമേറ്റവും മൂത്തയാളിൻ ചങ്കിലൊരുവെള്ളിടിമുഴങ്ങി
കോട്ടിയ പ്ലാവില മുന്നിൽ വച്ചു ചട്ടിയിൽ കഞ്ഞിയും പാർന്നു വച്ചു
ഒറ്റത്തൊട്ടുകറി കൂടെ വച്ചു ഒൻപതുപേർക്കും വിളമ്പി വച്ചു
കുഞ്ഞിനെ തോളിൽ കിടത്തി തന്റെ
കുഞ്ഞിന്റെയച്ഛന്നടുത്തിരിക്കെ
ഈ കഞ്ഞിയുട്ടൊടുക്കത്തെയാണെന്ന്
ഓർക്കുവാനാസതിക്കായതില്ല
ഓർക്കപ്പുറത്താണശനിപാതം ആർക്കറിയാമിന്നതിൻ മുഹൂർത്തം
കാര്യങ്ങളെല്ലാമറിഞ്ഞവാറെ ഈറനാം കണ്ണ് തുടച്ചുകൊണ്ടേ
വൈവശ്യമൊക്കെ അകത്തൊതുക്കി കൈവന്ന കൈപ്പും
മധുരമാക്കി
കൂടെപ്പൊറുത്ത പുരുഷനോടും കൂടപ്പിറപ്പുകളോടുമായി
ഗത്ഗതത്തോടു പൊരുതിടുപോൽ അക്ഷരമോരോന്നുമൂന്നിയൂന്നി
അന്ത്യമാം തന്നഭിലാഷപ്പോൾ അഞ്ജലിപൂർവ്വം അവൾ പറഞ്ഞു

ഭിത്തിയുറക്കാനീപ്പെണ്ണിനേയും ചെത്തിയകല്ലിന്നിടക്ക നിർത്തി
കെട്ടിപ്പടുക്കുമുൻപൊന്നെനിക്കുണ്ട് ഒറ്റയൊരാഗ്രഹം
കേട്ടുകൊൾവിൻ
കെട്ടിമറയ്ക്കല്ലെൻ പാതി നെഞ്ചം കെട്ടിമറയ്ക്കല്ലേയെന്റെ
കയ്യും
എന്റെ പൊന്നോമന കേണിടുമ്പോൾ എന്റെയടുത്തേക്ക്
കൊണ്ടുപോരു
ഈ കയ്യാൽ കുഞ്ഞിനെയേറ്റുവാങ്ങി ഈമുലയൂട്ടാൻ അനുവധിക്കു
ഏതുകാറ്റുമെൻ പാട്ടുപാടുന്നു ഏതു മണ്ണിലും ഞാൻ മടയ്ക്കുന്നു
മണ്ണളന്ന് തിരിച്ചു കോൽനാട്ടി മന്നരായ് മധിച്ചവർക്കായി
ഒൻപതു കൽപ്പണിക്കാർ പടുത്ത വൻപിയെന്നൊരാക്കോട്ടതൻ
മുന്നില്
ഇന്നുകണ്ടേനപ്പെണ്ണിൻ അപൂർണ്ണസുന്ദരമായ വെൺശിലാശിൽപ്പം
എന്തിനോവേണ്ടി നീട്ടിനിൽക്കുന്ന ചന്തമോലുന്നൊരാവലം
കൈയ്യും
ഞെട്ടിൽനിന്ന് പാൽ തുള്ളികൾ ഊറും മട്ടിലുള്ളൊരാ നഗ്നമാം
മാറും
കണ്ടുണർന്നെന്റെയുള്ളിലെ പൈതൽ അമ്മ അമ്മയെന്നാർത്തു
നിൽക്കുന്നു
കണ്ടുണർന്നെന്റെയുള്ളിലെ പൈതൽ അമ്മ അമ്മയെന്നാർത്തു
നിൽക്കുന്നു

ഡിയോണാ സജി
അനീറ്റാ സജി
സന അഷറഫ്

# ഓർമ്മകളുടെ ഓണം

– ബാലചന്ദ്രൻ ചുള്ളിക്കാട്




ജന്മനാട്ടിൽ ചെന്നു വണ്ടിയിറങ്ങവേ
പുണ്ണുതോറും
കൊള്ളിവെച്ചപോലോർമ്മകൾ
വായ മുലയിൽ നിന്നെന്നേക്കുമായ്
ചെന്നി-
നായകം തേച്ചു വിടർത്തിയോരമ്മയെ,
വാശിപിടിച്ചു കരയവേ ചാണകം
വായിലുരുട്ടിത്തിരുകും അമ്മൂമ്മയെ,
പപ്പടം കാച്ചുന്ന കമ്പി ചൂടാക്കിയെൻ
കൊച്ചുതുടയിലമർത്തിയ ചിറ്റമ്മയെ,
പന്തു ചോദിക്കവേ മൊന്തയെടുത്തെൻറെ
നെഞ്ചത്തെറിഞ്ഞ പിശാചി അമ്മായിയെ,
പുത്തൻ കയറാൽ കമുകിലെന്നെപ്പണ്ടു
കെട്ടിവരിഞ്ഞ കിരാതനമ്മാവനെ,
മുട്ടൻ വടികൊണ്ടടിച്ചു പുറം പൊളി-
ച്ചട്ടഹസിച്ച കോപിഷ്ടനാമച്ഛനെ,
പിന്നെപ്പിറന്നവനാകയാൽ എന്നിൽ നി-

നന്മയെ തട്ടിപ്പറിച്ചോരന്നജനെ,
തിന്നുവാൻ ഗോട്ടികൊടുക്കാഞ്ഞ നാൾ മുതൽ
എന്നെ വെറുക്കാൻ പഠിച്ച നേർപെങ്ങളെ,
ഒന്നിച്ച മുങ്ങിക്കുളിക്കുമ്പോഴെൻ തല
പൊങ്ങാതെ മുക്കിപ്പിടിച്ച ചങ്ങാതിയെ,
ബഞ്ചിന്മേലെകയറ്റിനിറുത്തിയെൻ
പിഞ്ചുഹൃദയം ചതച്ച ഗുരുവിനെ,
ആദ്യാനുരാഗപരവശനായി ഞാൻ
ആത്മരക്തം കൊണ്ടെഴുതിയ വാക്കുകൾ
ചുറ്റുമിരിക്കും സഖികളെക്കാണിച്ച
പൊട്ടിച്ചിരിച്ചുരസിച്ച പെണ്കുട്ടിയെ,
ഉള്ളില്ക്കലിയും കവിതയും ബാധിച്ച
കൊല്ലപ്പരീക്ഷക്കു തോറ്റുനടക്കവേ
ബാധയൊഴിക്കാൻ തിളച്ച നെയ്യാലെൻറെ
നാവു പൊള്ളിച്ചൊരാ ദുർമന്ത്രവാദിയെ,
പൊട്ടിയെ കൈകൊട്ടിയാട്ടുന്നപോലെന്നെ
നാട്ടില്നിന്നാട്ടിക്കളഞ്ഞ ബന്ധുക്കളെ,
അന്നു ത്രിസന്ധ്യയ്ക്കുതൻ നടയിൽ നിന്നു
വിങ്ങിക്കരഞ്ഞുകൊ 'ണ്ടെന്നെ രക്ഷിക്കണേ'
യെന്നു തൊഴുകൈയുമായിരന്നെങ്കിലും
കണ്ണുതുറക്കാഞ്ഞൊരാപ്പെരുങ്കാളിയെ,
എന്നും മറക്കാതിരിക്കുവനല്ലി ഞാൻ
വന്നു പോകുന്നതിങ്ങോണദിനങ്ങളിൽ.

കാർത്തികാ ലാലു, ഗായത്രി ബിജു,ജോബിനാ ജോഷി, അസ്ലി.പി.അയൂബ് , മെറിൻ ബിനോയ്

# സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനം

# സെപ്റ്റംബർ - 15



**1986 ഫെബ്രുവരിയിൽ FSF സ്വതന്ത്ര സോഫ്റ്റ്‌വെയർ നിർവ്വചനം പ്രസിദ്ധീകരിച്ചു.അത് തയ്യാറാക്കിയത് റിച്ചാഡ് സ്റ്റാൾമാനാണ്.**

**സ്വതന്ത്രസോഫ്റ്റ്‌വെയർ ചിലപ്പോൾ സൗജന്യമായി ലഭിക്കണമെന്നില്ല എന്നാൽ അത് ഉപയോഗിക്കുന്നതിന് പണം നൽകേണ്ട-**

തില്ല. കൂടാതെ അത് ഏതൊരുപയോക്താവിനും സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യം നൽകുന്നവയായിരിക്കും. സൗജന്യമായി ലഭിയ്ക്കുന്ന ഒരു സോഫ്റ്റ്‌വെയർ സ്വതന്ത്രസോഫ്റ്റ് വെയർ ആ കണമെന്നില്ല. പകർപ്പവകാശം നിർമ്മാതാക്കളിൽതന്നെ നിലനിറുത്തുന്നു. കൂടാതെ ഇവയുടെ സോഴ്സ് ലഭ്യമായിരിക്കുകയില്ല.ഇവയുടെ കൂടുതൽപകർപ്പുകൾ ഉപയോഗിക്കുവാനുള്ള സ്വാതന്ത്ര്യവും ഉണ്ടായിരിക്കുകയില്ല.

ഓപ്പൺ സോഴ്സ് എന്നു പറയുന്നത് ഏതെങ്കിലും പോഗ്രാമിൻെറ പ്രവർത്തനത്തിനായി നൽകുന്ന ഡേറ്റയിലേക്കു പ്രവേശിക്കുക മാത്രമല്ല. ഒരു സ്വതന്ത്രസോഫ്റ്റ് വെയർ വിതരണം ചെയ്യുന്നു.

1.സ്വതന്ത്രമായി പുനർവിതരണം നടത്തുക

2.പോഗ്രാമിൻെറ പ്രവർത്തനത്തിനായി നൽകുന്ന ഡേറ്റ (സോഴ്സ് കോഡ് ) നൽകുക.

3. ഉത്ഭവിച്ചത്.

4.സൃഷ്ടികർത്താവിൻെറ സോഴ്സ് കോഡുമായി സംയോജിപ്പിക്കുക.

5.ഒരു വ്യക്തിയോടോ, സമൂഹത്തൊടെ വിവേചനം കാണിക്കാതിരിക്കുക.

6.ഏതൊരുപരിശ്രമത്തിനോടും വിവേചനം കാണിക്കാതിരിക്കുക.

7.വിതരണം ചെയ്യാനുള്ള അനുമതിപത്രം നൽകുക.

ഉദാഹരണങ്ങൾ:

ഫ്റീ സോഫ്റ്റ്‌വെയർ ഡയ്റക്ട്ടറി വളരെ വലിയ സ്വതന്ത്രസോഫ്റ്റ്‌വെയറുകളുടെ വിവരശേഖരം ലഭ്യമാക്കിയിട്ടുണ്ട്. [ലിനക്സ് കെർണൽ,ഗ്നു/ലിനക്സ് ഒപ്പറേറ്റിഗ് സിസ്റ്റം, ഗ്നു കമ്പയിലിൽ, മൈഎസ്ക്യുഎൽ വിവരസംഭരണി, അപ്പാചേ വെബെ്സർവർ, സെൻറ മെയിൽ, ഇമാക്സ് എഡിറ്റർ],ജിമ്പ്, ഓപ്പൺഓഫീസ് മുതലായവ സ്വതന്ത്രസോഫ്റ്റ്‌വെയറുകൾ ഉദാഹരണങ്ങളാണ്.

**ജെസ്സിമോൾ സണ്ണി**

# ആട്ടിടയന്റെ വിദ്യ (കഥ)




**പണ്ട് പണ്ട് റഷ്യയിൽ മിലോവ് എന്നൊരു യുവാവുണ്ടായിരുന്നു. ആടുകളെ മേയ്ക്കുന്ന ജോലിയായിരുന്നു മിലോവിന്.മിലോവിന്റെ സമപ്രായക്കാരെല്ലാം സൈന്യത്തിൽ ചേരാൻ പോയിട്ടും മിലോവ് ആടുകൾക്കൊപ്പം കഴിഞ്ഞു. മിലോവിനെ മറ്റുള്ളവർ എപ്പോഴും കളിയാക്കും."നല്ല തടിമിടുക്കുണ്ടല്ലോ. നാടിന് ഉപകാരമുള്ള വല്ല കാര്യത്തിനും പൊയ്ക്കൂടേ? പേടിത്തൊണ്ടൻ ..... ആടുകളെ മേച്ച് നടക്കുന്നു!."കളിയാക്കൽ കേട്ടാലും മിലോവ് ഒന്നും മിണ്ടില്ല. അവൻ ഉണ്ണുന്നതും ഉറങ്ങുന്നതുമൊക്കെ**

ആട്ടുകൾക്കൊപ്പമാണ്. ചിലപ്പോൾ മിലോവ് ആട്ടുകളോട് സംസാരിക്കുക പോലും ചെയ്യും! മിലോവ് ഒന്ന് തലയാട്ടിയാൽപ്പോലും അതെന്തിനുവേണ്ടിയാണെന്ന് ആട്ടുകൾക്ക് മനസ്സിലാകും . അത്ര ഇണക്കമാണ് മിലോവിനോട്. നാളുകൾ കടന്നുപോയി. ഒരു രാത്രി മിലോവിന്റെ നാട്ടിൽ കൊള്ളക്കാരെത്തി. കരുത്തുള്ള യുവാക്കളെല്ലാം സൈന്യത്തിലായതു കാരണം മറ്റുള്ളവരെ കൊള്ളക്കാർ എളുപ്പത്തിൽ കീഴടക്കി. അക്കൂട്ടത്തിൽ മിലോവുമുണ്ടായിരുന്നു.കണ്ണിൽ കണ്ടതെല്ലാം കൊള്ളക്കാർ കവർച്ച ചെയ്തു. കൂട്ട തുറന്ന് ആട്ടുകളെയും കൊള്ളക്കാർ തെളിച്ചു നടത്തി.പിടികൂടിയവരെയും കൊണ്ട് കൊള്ളക്കാർ മല കയറാൻ തുടങ്ങി. ഒപ്പം ആട്ടുകളുമുണ്ട്. ചെങ്കുത്തായ മലയുടെ ഒരു വശത്തൂടെ വരിവരിയായി പോകുകയായാണവർ.പെട്ടെന്ന് മിലോവ് ഒരു പ്രത്യേകതരം ശബ്ദമുണ്ടാക്കി.അടുത്ത നിമിഷം ആട്ടിൻകൂട്ടത്തിലെ മുട്ടനാട്ടുകൾ മുന്നോട്ടു കുതിച്ച് കൊള്ളക്കാരെ ഒറ്റയിടി! വിചാരിച്ചിരിക്കാതെ ഇടികൊണ്ട കൊള്ളക്കാർ മലയിൽ നിന്ന് താഴേക്ക് വീണു. ബാക്കിയുള്ളവരെ മിലോവും സംഘവും എളുപ്പത്തിൽ കീഴടക്കി."ആട്ടുകളെ മേച്ചു നടന്നാലും നാടിന് ഉപകാരം ചെയ്യാമെന്ന് മനസിലായില്ലേ?" തിരികെ മലയിറങ്ങുമ്പോൾ മിലോവ് ചോദിച്ചത് കേട്ട് മറ്റുള്ളവർ ഒന്നും മിണ്ടിയില്ല.

ഗുണപാഠം :ഏതു ജോലിക്കും അതിന്റേതായ മഹത്വം ഉണ്ട്. ആരെയും നിസ്സാരരായി കണ്ടു കളിയാക്കരുത്.

റിൻജു മരിയ റോബിൻ
അലീനാ രാജു
സാനിയാ പി ജെ
കൃഷ്ണ ബി നായർ
അന്ന കെനഡി
ഫിദാ ഫാത്തിമാ സി എൻ
അനീറ്റാമോൾ ജോജോ
അനഘ രാഘവൻ


സെപ്റ്റംബർ 15
സ്വതന്ത്രസോഫ്റ്റ്‌വെയർദിനം
സ്വതന്ത്രസോഫ്റ്റ്‌വെയർ മേന്മകൾ
1 യഥേഷ്ടം ഉപയോഗിക്കാം
2 സൗജന്യമായി പഠിക്കാം.
3 .എല്ലാവരുമായി പങ്കുവെയ്ക്കാം.
4 .യഥേഷ്ടം മാറ്റംവരുത്താം.

**ബിവ്യാ തെരേസ് മനോജ്**

# കൈറ്റിൻെറ ആദ്യത്തെ ഒൺ ഡേ ട്രെയിനിം പ്രോഗ്രാം








# സഫലമീ യാത്ര



**എൻ. എൻ. കക്കാട്**

ആർദ്രമീ ധനുമാസ രാവുകളിലൊന്നിൽ
ആതിര വരും പോകുമല്ലേ സഖീ . . .
ഞാനീ ജനലഴി പിടിച്ചൊട്ടു നിൽക്കട്ടെ
നീയെന്നണിയത്തു തന്നെ നിൽക്കു
ഈ പഴങ്കൂടൊരു ചുമയ്ക്കടി ഇടറി വീഴാം
വ്രണിതമാം കണ്ഠതില് ഇന്ന് നോവിത്തിരി കുറവുണ്ട്
വളരെ നാൾ കൂടി ഞാൻ നേരിയ നിലാവിന്റെ,
പിന്നിലെ അനന്തതയിൽ അലിയും ഇരുൾ നീലിമയിൽ
എന്നോ പഴകിയൊരോർമ്മകൾ മാതിരി
നിന്നു വിറക്കുമീ ഏകാന്ത താരകളെ

ഇങ്ങൊട്ടു കാണട്ടെ നീ തൊട്ടു നിൽക്കു

ആതിര വരും നേരം ഒരുമിച്ച് കൈകൾ കോർത്ത്

എതിരെൽക്കണം നമുക്കിക്കുറി

വരും കൊല്ലമാരെന്നും എന്തെന്നുമാർക്കറിയാം . . .

എന്ത് , നിൻ മിഴിയിണ തുളുമ്പുന്നുവോ സഖീ . . .

ചന്തം നിറക്കുകീ ശിഷ്ട ദിനങ്ങളിൽ

മിഴിനീർ ചവർപ്പ് പെടാതീ

മധുപാത്രം അടിയോളം മോന്തുക

നേർത്ത നിലാവിന്റെ അടിയിൽ തെളിയുമിരുൾ നോക്ക്

ഇരുളിന്റെ മറകളിലെ ഓർമ്മകളെടുക്കുക

ഇവിടെ എന്തോർമ്മകളെന്നോ . . .

നിറുകയിലിരുട്ടെന്തി പാറാവ് നിൽക്കുമീ

തെരുവ് വിളക്കുകൾക്കപ്പുറം

പധിതമാം ബോധത്തിനപ്പുറം

ഓർമ്മകൾ ഒന്നും ഇല്ലെന്നോ ഒന്നുമില്ലെന്നോ . . .

പല നിറം കാച്ചിയ വളകൾ അണിഞ്ഞും അഴിച്ചും

പല മുഖം കൊണ്ട് നാം തമ്മിൽ എതിരേറ്റും

നൊന്തും പരസ്പരം നോവിച്ചും
പതിറ്റാണ്ടുകൾ നീണ്ടോരീ
അറിയാത്ത വഴികളിൽ എത്ര കൊഴുത്ത
ചവർപ്പ് കുടിച്ചു വറ്റിച്ചു നാം
ഇത്തിരി ശാന്തി തൻ ശർക്കര നണയുവാൻ
ഓർമ്മകളുണ്ടായിരിക്കണം
ഒക്കെയും വഴിയോര കാഴ്ചകളായി
പിറകിലേക്കോടി മറഞ്ഞിരിക്കാം
പാതിയിലേറെ കടന്നുവല്ലോ വഴി
പാതിയിലേറെ കടന്നുവല്ലോ വഴി . . .
ഏതോ പുഴയുടെ കളകളത്തിൽ
ഏതോ മലമുടി പോക്കുവെയിലിൽ
ഏതോ നിശീഥത്തിൻ തേക്ക് പാട്ടിൽ
ഏതോ വിജനമാം വഴി വക്കിൽ നിഴലുകൾ
നീങ്ങുമൊരു താന്തമാം അന്തിയിൽ
പടവുകളായി കിഴക്കേറെ ഉയർന്നു പോയി
കടു നീല വിണ്ണിൽ അലിഞ്ഞുപോം മലകളിൽ

പുളയും കുരുത്തോല തെളിയുന്ന പന്തങ്ങൾ

വിളയുന്ന മേളങ്ങൾ ഉറയുന്ന രാവുകളിൽ

എങ്ങാനോരുങ്ങുന്ന പാട്ട് ഉയരുന്നുവോ

സഖീഎങ്ങാനോരുങ്ങുന്ന പാട്ട് ഉയരുന്നുവോ . . .

ഒന്നുമില്ലെന്നോ . . . ഒന്നുമില്ലെന്നോ . . .

ഓർമ്മകൾ തിളങ്ങാതെ മധുരങ്ങൾ പാടാതെ

പാതിരകൾ ഇളകാതെ അറിയാതെ

ആർദ്രയാം ആർദ്ര വരുമെന്നോ സഖീ

അർദ്രയാം ആർദ്ര വരുമെന്നോ സഖീ . . .

ഏതാണ്ടൊരോർമ്മ വരുന്നുവോ

ഓർത്താലും ഓർക്കാതിരുന്നാലും

ആതിര എത്തും കടന്നുപോയീ വഴി

നാമീ ജനലിലൂടെതിരെൽക്കും

ഇപ്പഴയോരോർമ്മകൾ ഒഴിഞ്ഞ താളം

തളർന്നൊട്ടു വിറയാർന്ന കൈകളിലേന്തി

അതിലൊറ്റ മിഴിനീർ പതിക്കാതെ മനമിടറാതെ . . .

കാലമിനിയുമുരുളും വിഷു വരും

വർഷം വരും തിരുവോണം വരും

പിന്നെയോരോ തളിരിനും പൂ വരും കായ് വരും

അപ്പോളാരെന്നും എന്തെന്നും ആർക്കറിയാം

നമുക്കിപ്പോഴീ ആർദ്രയെ ശാന്തരായി

സൗമ്യരായി എതിരേൽക്കാം

വരിക സഖീ അരികത്തു ചേർന്ന് നിൽക്കൂ . . .

പഴയൊരു മന്ത്രം സ്മരിക്കാം

അന്യോന്യം ഊന്നുവടികളായി നിൽക്കാം

ഹാ സഫലമീ യാത്ര

ഹാ സഫലമീ യാത്ര . . . ! ! !

ജെസ്റ്റിമോൾ സണ്ണി

ഡിയോണാ സജി

ബിവ്യാ തെരേസ് മനോജ

# ഫുൾ എ + കിട്ടിയ കുട്ടികളെ ആദരിക്കുന്നു.








**St Mary's School Kanjirappally - Full A+ Holders**


Anaina Siyad


Aneena Baby


Anju C.L


Doniya John


Hrudya Devasia


Jisty Ann Jiji


Merin Shabu


Minu Joseph


Navya Reni


Nivya S Anchanattu


Rejin Mary Reji

# രാത്രിമഴ

-സുഗതകുമാരി



രാത്രിമഴ,ചുമ്മാതെ
കേണും ചിരിച്ചും
വിതുമ്പിയും നിർത്താതെ
പിറുപിറുത്തും നീണ്ട
മുടിയിട്ടുലച്ചും
കുനിഞ്ഞിരിക്കുന്നോരു
യുവതിയാം ഭ്രാന്തിയെപ്പോലെ.

രാത്രിമഴ,മന്ദമീ-
യാശുപത്രിക്കുള്ളി-
ലൊരുനീണ്ട തേങ്ങലാ-
യൊഴുകിവന്നെത്തിയീ-
ക്കിളിവാതിൽവിടവിലൂ-
ടേറേത്തണുത്തകൈ-
വിരൽ നീട്ടിയെന്നെ -
തൊടുന്നൊരീ ശ്യാമയാം
ഇരവിൻറെ ഖിന്നയാം പുത്രി.

രാത്രിമഴ,നോവിൻ
ഞരക്കങ്ങൾ ഞെട്ടലുകൾ,

തീക്ഷ്ണസ്വരങ്ങൾ
പൊടുന്നനെയൊരമ്മതൻ
ആർത്തനാദം!.........ഞാൻ
നടുങ്ങിയെൻ ചെവിപൊത്തി-
യെൻ രോഗശയ്യയി-
ലുരുണ്ടു തേങ്ങുമ്പൊഴീ-
യന്ധകാരത്തിലൂ-
ടാശ്വാസ വാക്കുമാ-
യെത്തുന്ന പ്രിയജനം പോലെ.

ആരോ പറഞ്ഞു
മുറിച്ചു മാറ്റാം കേടു-
ബാധിച്ചോരവയവം;
പക്ഷെ,കൊടും കേടു
ബാധിച്ച പാവം മനസ്സോ?


രാത്രിമഴ,പണ്ടെൻറെ
സൗഭാഗ്യരാത്രികളി-
ലെന്നെച്ചിരിപ്പിച്ച
കുളിർകോരിയണിയിച്ച,
വെണ്ണിലാവേക്കാൾ
പ്രിയംതന്നുറക്കിയോ-
രന്നത്തെയെൻ പ്രേമസാക്ഷി.

രാത്രിമഴ,-ഇന്നെൻറെ
രോഗോഷ്ണശയ്യയിൽ,
വിനിദ്രയാമങ്ങളി-
ലിരുട്ടിൽ തനിച്ചു കര-
യാനും മറന്നു ഞാ-
നുഴലവേ,ശിലപോലെ-
യുറയവേ ദുഃഖസാക്ഷി.

രാത്രിമഴയോടു ഞാൻ
പറയട്ടെ,നിൻറെ
ശോകാർദ്രമാം സംഗീത-
മറിയുന്നു ഞാൻ;നിൻറെ-
യലിവും അമർത്തുന്ന
രോഷവും,ഇരുട്ടത്തു
വരവും,തനിച്ചുള്ള
തേങ്ങിക്കരച്ചിലും
പുലരിയെത്തുമ്പോൾ
മുഖം തുടച്ചുള്ള നിൻ
ചിരിയും തിടുക്കവും
നാട്യവും ഞാനറിയും;
അറിയുന്നതെന്തുകൊ-
ണ്ടെന്നോ?സഖീ,ഞാനു-
മിതുപോലെ, രാത്രിമഴപോലെ.

ബിവ്യാ തെരേസ് മനോജ്

റിയാ രാജീവ്
ദേവിക സി ദാസ്




ഡിയോണ സജി

# തെംസ്ത് ദിയോട്

(സുഗതകുമാരി)



ആരോ  പറയുന്നു തെംസ് നദീ, നിന്നോടു
മൂകാനുരാഗം കലർന്നൊരാൾ വന്നുപോൾ
ആകെയിരുണ്ട തളർന്നിഴയുന്ന നിൻ
യാതന കണ്ടാ മിഴികൾ നിറയവേ

രണ്ടുതുള്ളിച്ചുടുനീർ നിൻ കറുപ്പാർന്ന
നെഞ്ചത്തു  വീണുപോൽ, അദ്ഭുതം! പെട്ടെന്നു
പുഞ്ചി രിക്കൊള്ളാൻ  തുടങ്ങിപോൽ തെംസ് നദീ!

ആ രാഗമല്ലലായ്, ദീപ്രമാം യത്നമായ്-
ത്തീരവേ രണ്ടു കരങ്ങളൊരായിരംരിക്കൊള്ളാൻ
ധീരഹസ്ത്ങ്ങളായ്  മാറി, നിൻ നിർജീവ-

വാരിയെക്കോരിക്കഴുകിയെടുത്തുപോൽ!

ഇന്നു നീ വീണ്ടും ചിരിച്ചൊഴുകിന്നിപോൽ!

നിൻമാറിലനങ്ങൾ വന്നിറങ്ങുന്നപോൽ

ളമലർമൊട്ടുപോൽ  പിന്നെയും നിൻ പ്രിയ

സാമൺ തുടിച്ചു വിടർന്നു  കളിപ്പുപോൽ!

ഹസ്ന റസാക്ക്


നന്ദന സന്തോഷ് ഈ.എസ്

റോസ് മരിയ ജോസ്

നാസിയാ നൗഷാദ്

# കാളകൾ

-പി.ഭാസ്കരൻ




തോളത്തു ഘനം തൂങ്ങും
വണ്ടിതൻ തണ്ടും പേറി
ക്കാളകൾ മന്ദം മന്ദ
മിഴഞ്ഞു നീങ്ങീടുമ്പോൾ.

മറ്റൊരു വണ്ടിക്കാള
മാനുഷാകാരം പൂണ്ടി
ട്ടറ്റത്തു വണ്ടിക്കയ്യി
ലിരിപ്പൂ കൂനിക്കൂടി.
തോളുകൾ കുനിഞ്ഞിട്ടു--
ണ്ടവന്നും, സ്വജീവിത--
നാളുകൾ തൽകണ്ണുത്തി--
ലേറ്റിയ നുകം പേറി.
കാലുകൾ തേഞ്ഞിട്ടുണ്ടി--
ന്നവന്നും നെടുനാള--
ക്കാലത്തിൻ കരാളമാം
പാതകൾ താണ്ടിത്താണ്ടി.
ദുർവിധി കുടിച്ചെന്നും

മിഴിനീർ വറ്റിക്കയാൽ
നിർവികാരങ്ങളാണാ--
ക്കണ്ണുകൾ നിർജ്ജീവങ്ങൾ.
മന്നിന്റെ നിലയ്ക്കാത്ത
പ്രഹരം സഹിക്കയാൽ
പുണ്ണുകൾ പടർന്നി--
ട്ടുണ്ടവന്നും കരൾക്കാമ്പിൽ
ഒട്ടേറെക്കാലം മുമ്പി--
ലച്ചെറുപഞ്ഞക്കുടിൽ-
ത്തൊട്ടിലിൽ കൈക്കുഞ്ഞായി--
പ്പിറന്ന കാലം മുതൽ
ലക്ഷ്യമെങ്ങറിയാതെ,
മൃത്യുവിൻ ഭയാനക
ശിക്ഷയിൽബ്ഭയം പൂണ്ടു
കാൽക്ഷണം പതറാതെ,
ജീവിതം കയറ്റിയോ--
രൽക്കടബ്ഭാരം തിങ്ങു--
മാവണ്ടി വലിക്കയാ--
ണിന്നും നാളിൽ നാളിൽ

ബിവ്യാ തെരേസ് മനോജ്
ഡിയോണാ സജി
ജെസ്റ്റിമോൾ സണ്ണി

# വൈക്കം മുഹമ്മദ് ബഷീർ



**1908 ജനുവരി 21 ന് തിരുവിതാംകൂറിലെ (ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ ഉൾപ്പെട്ട) തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാത്തുമ്മ. പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും.**

**രസകരവും സാഹസികവുമായിരുന്ന ബഷീറിന്റെ ജീവിതം. സ്കൂൾ പഠനകാലത്ത്(5-ാം ക്ലാസ്സ്) കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽനടയായി എറണാകുളത്തു ചെന്നു കാളവണ്ടി കയറി കോഴിക്കോടെത്തിയ ബഷീർ സ്വാതന്ത്ര്യ സമര രംഗത്തേക്ക് എടുത്തുചാടി. ഗാന്ധിജിയെ തൊട്ടു എന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. 1930-ൽ കോഴിക്കോട്ട് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. പിന്നീട് ഭഗത് സിംഗ്**

മാതൃകയിൽ തീവ്രവാദ സംഘമുണ്ടാക്കി. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. വാരിക പിന്നീട് കണ്ടുകെട്ടി. തുടർന്ന് കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു. അതിസാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത വേഷങ്ങളില്ല. ഉത്തരേന്ത്യയിൽ ഹിന്ദു സന്ന്യാസിമാരുടെയും, സൂഫിമാരുടെയും കൂടെ ജീവിച്ചു, പാചകക്കാരനായും, മാജിക്കുകാരന്റെ സഹായിയായും കഴിഞ്ഞു. പല ജോലികളും ചെയ്തു. അറബിനാടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം.ഏകദേശം 9 വർഷത്തോളം നീണ്ട ഈ യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു, മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും - തീവ്ര ദാരിദ്ര്യവും,മനുഷ്യ ദുരയും നേരിട്ടു കണ്ടു. ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം എന്നു പറയാം. ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാളസാഹിത്യത്തിൽ വിരളമാണെന്നു പറയാം. ലോകം ചുറ്റുന്നതിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

പദ്മനാഭ പൈ പത്രാധിപരായിരുന്ന "ജയകേസരി"യിൽ പ്രസിദ്ധീകരിച്ച തങ്കം ആണ് ആദ്യം പ്രസിധീകരിച്ച കഥ. ജോലിയന്വേഷിച്ചാണ് ബഷീർ പത്രാധിപരുടെയടുത്തെത്തിയത്. എന്നാൽ ജോലി തരാൻ നിവൃത്തിയില്ലെന്നും, കഥ എഴുതിത്തന്നാൽ പ്രതിഫലം തരാം എന്നും മറുപടി കേട്ട ബഷീർ ഗത്യന്തരമില്ലാതെ ഒരു കഥ എഴുതുകയായിരുന്നു. കറുത്തിരുണ്ട് വിരൂപയായ നായികയും, ചട്ടുകാലും , കോങ്കണ്ണും, കൂനുമുള്ള യാചകൻ നായകനുമായി എഴുതിയ ആ കഥയാണ് തങ്കം.

ബിവ്യാ തെരേസ് മനോജ്

ഡിയോണാ സജി

ജെസ്റ്റിമോൾ സണ്ണി

# സ്കൂൾ പ്രവർത്തനങ്ങൾ










# ആശാൻ എന്ന മാനി



ഒറ്റക്കണ്ണനായ പകലവൻ അസ്തമിച്ചു. സഹസ്രാക്ഷനായ രാത്രി വന്നു. ഞാൻ തേക്കിൻകാട്ടിലൂടെ പടിഞ്ഞാട്ടു നടന്നു. വാദ്യങ്ങളോടും വെടിക്കെട്ടുകളോടും കൂടി മെല്ലെമെല്ലെ വിദ്യാർഥി കോർണറിലെ ബഹുജനസമുദ്രത്തിൽ ഒലിച്ചുവന്നുവിലയിച്ച ഘോഷയാത്രയിൽ ഉയർന്നുനിൽക്കുന്ന രൂപത്തിന്മേൽ എന്റെ കണ്ണുകൾ ചെന്നുപതിഞ്ഞു. അദ്ദേഹം മന്ത്രിക്കുന്നുണ്ടോ?

"ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശ, വന്ന പോലെ പോം
വിരയുന്നു മനുഷ്യനേതിനോ
തിരിയാ ലോകരഹസ്യമാർക്കുമേ."

ഇത്ര വിപുലവും ആർഭാടപൂർണവുമായ രീതിയിൽ ഒരു കവിയുടെ ലോഹപ്രതിംയെ എന്നെങ്കിൽ ഇവിടെ സ്വാഗതം ചെയ്തിട്ടുണ്ടോ? ഇല്ലെന്നു തീർച്ചയാണ്. യു.എൻ.ഒ. പോലും ഈ കേരളീയകവിയുടെ ജന്മശതാബ്ദി ആഘോഷിക്കുന്നുവെന്നത് ടാഗോറിന്റെ 'ഗീതാഞ്ജലി'ക്ക് നോബൽപ്രൈസ് കിട്ടിയ ശേഷം നമുക്കുണ്ടായ ഏറ്റവും വലിയ രോമഹർഷമല്ലയോ? ബംഗാളികവിതയെന്നപോലെ മലയാളികവിതയും ഭൂഗോളത്തിന്റെ എല്ലാ ഭാഗത്തും വ്യാപിച്ചുനിൽക്കുന്ന ഈ സന്ധ്യാമുഹൂർത്തത്തിൽ ഞാൻ ഒന്നു മേലോട്ടു നോക്കി. സഹസ്രാക്ഷനായ ആകാശം ശാശ്വതികത്വത്തിന്റെ കിരണങ്ങൾകൊണ്ട് കൊരുത്തെടുത്ത കോമളഹാരങ്ങൾ അർപ്പിക്കുകയാണ് ആശാൻപ്രതിമയുടെ കഴുത്തിൽ! ഗ്രാമീണവൃക്ഷത്തിന്മേലിരുന്നു കൂവിയ കുയിലിന്റെ വിഷാദമധുരമായ സംഗീതം

എന്റെ ഹൃദയത്തിൽ ഉറന്നുപൊന്തി. ആയിരമായിരം വീണപൂക്കൾ സൗരഭ്യം വീണ്ടെടുത്തു കൂട്ടംകൂട്ടമായി പറന്നുവന്ന് അദ്ദേഹത്തിന്റെ പാദാരവിന്ദങ്ങൽ നമസ്കരിക്കുന്നുണ്ടോ?

അല്ല! വിദ്യാർഥികോർണറിൽ കവിസമ്മേളനം തുടങ്ങുകയാണ്. നമ്മുടെ പ്രിയപ്പെട്ട ജീവൽക്കവികളായ കുഞ്ഞിരാമൻനായർ, ഇടശ്ശേരി, വൈലോപ്പിള്ളി, അക്കിത്തം മുതലായവരെല്ലാം അക്കൂട്ടത്തിലുണ്ട്. അവരിൽനിന്നുതിർന്നുവീണപൂക്കളുടെ സൗരഭ്യമാണ് എന്റെ ഉള്ളുൽ സ്വാദിഷ്ടങ്ങളായി തത്തിക്കളിക്കുന്നത്:

“കാണാതെ പോയ് പല്ലനയാറ്റിൽ മുങ്ങി-
മരിച്ച നാളോളമിലൻ സുഖത്തെ;
അദ്ദാരുണാന്തർഗതപീഡയാൽ കൈ-
വരിച്ചതാണീയമരത്വസൗഖ്യം"

ആശാൻകവിതയിൽ ഓളം വെട്ടുന്ന, സ്വന്തം സസ്ധമായ ബഹിഃസ്ഫുരണങ്ങളാണ് ആ മഹാകവിക്ക് ഇന്നു ലഭിക്കുന്ന ഈ അചോദ്യമായ ആദരാതിരേകത്തിന്റെ കാരണമെന്ന കാര്യത്തിൽ അദ്ദേഹത്തിന്റെ എതിരാളികൾക്കുപോലും സംശയമുണ്ടാവില്ല അങ്ങനെ ആരാനുമുണ്ടെങ്കിൽ.

മടങ്ങിപ്പോരുമ്പോൾ എന്റെ മനസ്സ് ആശാൻകവിതയുടെ അഭൗമലോകത്തിലൂടെ പറക്കുകയായിരുന്നു.

“സ്ഫുടതാരകൾ കൂരിരുട്ടിലു-
ണ്ടിടയിൽ ദ്വീപുകളുണ്ടു സിസ്ധുവിൽ
ഇടർ തീർപ്പതിനേകഹേതുവ-
ന്നിടയാമേതു മഹാവിപത്തിലും.”

ജീവതം ഒരു കൂരിരുട്ടാണ്, സമുദ്രമാണ്. എങ്കിലും ഇരുട്ടിൽ നക്ഷത്രങ്ങളും സമുദ്രത്തിൽ ദ്വീപുകളുമുണ്ട്. ഇതെല്ലാം നമുക്കറിയാം. പക്ഷേ, ഈ പച്ചപ്പരമാർഥം പറയുമ്പോൾ അതിൽ കവിതയുടെ നന്തുണിനാദം കലർത്തുന്നതെങ്ങനെ? ആശാനെപ്പോലെ രേവാനദിയിൽ ചാടി ആത്മഹത്യ ചെയ്യാനാഗ്രഹിച്ച ഒരാശത്മാവിനേ അതറിയൂ. ‘ചിന്താവിഷ്ടയായ സീത’യിൽ അദ്ദേഹം ദുഃഖി-ച്ചത് ധർമ്മഭ്രംശത്തെച്ചൊല്ലിയാണ്:

“ഒരുവേള പഴക്കമേറിയാ-
ലിരുളും മെല്ലെ വെളിച്ചമായ് വരാം
ശരിയായ് മധുരിച്ചിടാം സ്വയം
പരിശീലിപ്പൊരു കയ്പുതാനുമേ.”

സുഖം എന്നത് അസുഖകരമായതിനെ മെരുക്കുന്നതിൽ മാത്രമേ ലഭിക്കൂ എന്ന് അദ്ദേഹം അനുഭവിച്ചറിഞ്ഞിരുന്നു. 'നളിനി'യെടുത്തു മലർത്തിനോക്കൂ, 'ലീല'യെടുത്തു മലർത്തിനോക്കൂ. സുഖത്തെക്കുറിച്ച് ആശയേയുള്ളൂ, സുഖം ഒരിടത്തുമില്ല. സ്നേഹമുണ്ട്, അതു മനോഹരവുമാണ്. പക്ഷേ, നിഷ്ഫലം. ആശാന്റെ വലത്തേ കണ്ണിലെ അശ്രുബിന്ദുവാണ് 'നളിനി'യെങ്കിൽ മറ്റേതിലെ അശ്രുബിന്ദുവാണ് 'ലീല'. അതുരണ്ടും തുടച്ചുമാറ്റിക്കൊണ്ടാണ് അദ്ദേഹം ഗുരുനിർവിശേഷനായ രാജരാജവർമ്മയുടെ ശ്മശാനത്തിലെത്തിച്ചേർന്നത്. കരയരുതെന്നു വിചാരിച്ചു. എന്നിട്ടും കണ്ണീർ വീണ്ടും ഉറന്നുവന്നു. ആ കണ്ണീർ അദ്ദേഹം തുടച്ചതിങ്ങനെയാണ്: 'ഇവിടമാണദ്ധ്യാത്മവിദ്യാലയം'.കരുണയുടെ അന്ത്യത്തിൽ ആ കണ്ണീർ വീണ്ടും ഉതിർന്നു. അതു വറ്റുകയുണ്ടായില്ല.

ആശാൻ തുടച്ചുകളഞ്ഞിട്ടും വറ്റാത്ത കണ്ണുനീർത്തുള്ളി മലയാളസാഹിത്യത്തിൽ നൽകിയ ആർദ്രത ഇന്നും അവശേഷിക്കുന്നു. ഒരുപക്ഷേ, പതിന്മടങ്ങു പ്രകാശത്തോടുകൂടി നാലപ്പാടനിലൂടെ സ്ഫുടീഭവിച്ച ആ പ്രകാശം വിലയേറിയ ഒരു രത്നമായി മാറി. ഇന്നത്തെ ശ്രദ്ധേയരായ കവികളിൽ എല്ലാവരിലും ആ പ്രകാശം തനതായ വ്യക്തിത്വത്തോടുകൂടി പൊട്ടിതഴച്ചുനിൽക്കുന്നത് നമുക്ക് കാണാം.

അപ്പോൾ 'മാറ്റുവിൻ ചട്ടങ്ങളെ' എന്നനുശാസിച്ച ആശാൻ ആദ്യം ചെയ്തത് മലയാള കവിതയിലെ അന്തസ്സാരശൂന്യത എന്ന ചട്ടം മാറ്റുകയാണ്. ഒരു പുതിയ സംവേദനപാരമ്പര്യം ഒരു ഭാഷയിൽ മുഴുവൻ വിതച്ചു വിളയിക്കുക എന്നതു ചില്ലറക്കാര്യമല്ല തിരുവനന്തപുരം സർവകലാശാലാ ഗേറ്റിൽ സ്ഥാപിക്കപ്പെടുന്നതിനു മുമ്പുതന്നെ മനുഷ്യഹൃദയങ്ങളിൽ ഈ ലോഹപ്രതിമ സ്ഥാപിതമായിത്തീരാൻകാരണം അതാണ്.

"സ്വാതന്ത്ര്യംതന്നെയമൃതം
സ്വാതന്ത്ര്യംതന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം."

ഭാവിചരിത്രത്തിലേക്കു പ്രതിധ്വനിക്കുന്ന ആ വരികളിലെ 'മാനി' എന്ന വാക്കിനുമുമ്പിൽ ഞാൻ ചിന്താമൂകനായി നിൽക്കുന്നു. അപ്പോഴാണ് ആ വാക്കിനുനേരെ വലതുകൈയിലെ ചൂണ്ടാണിവിരൽ ഉയർത്തിപ്പിടിച്ച പ്രതിമ വീണ്ടും എന്റെ മനക്കണ്ണിൽ തെളിയുന്നത്.

എം.ആർ.ബിയുടെ ഉപന്യാസങ്ങൾ (എം.ആർ.ബി.)

ജെസ്റ്റിമോൾ സണ്ണി

പൂജാ കൃഷ്ണാ രാജ്

ആഷ്നാ അനൂപ്

# അണ്ണാൻ



ഛിൽ ഛിൽ പാടി
പൂവാലും ആട്ടി
ചാടി നടക്കും അണ്ണാനേ
വരുമോ നീ വരുമോ
എന്നടെ വീട്ടിലേക്ക്
മരച്ചിലയിലിരുന്ന്
മാമ്പഴം നുണയും അണ്ണാനേ
വരുമോ നീ വരുമോ
എന്നടെ വീട്ടിലേക്ക്
കുഞ്ഞി തലയും
വലിയ വാലുമുള്ള  അണ്ണാനേ
വരുമോ നീ വരുമോ
എന്നടെ വീട്ടിലേക്ക്

-ഡിയോണാ സജി

# പുസ്തകം




അറിവിൻെറ്റ ലോകം എനിക്കായ്
തുറന്നു തന്ന അറിവിൻെറ്റ വാതായനമേ
യന്ത്രത്തിൽ അച്ചടിച്ചു വരുന്ന
വെറും അക്ഷരമല്ല നീ.
താളുകളിൽ കുറിക്കുന്ന ചില
വാക്കുകൾ മാത്രമല്ല.
അറിവിൻെറ്റ അക്ഷയപാത്രങ്ങളായും
മനസ്സിന് വിനോദമായും
സങ്കടവേലയിൽ അശ്വാസമായും
സന്തോഷങ്ങളിൽ പങ്കാളിയായും
പൂവായി എന്നെ ചുറ്റി നിൽക്കിന്ന വണ്ടാണു

– ബിവ്യാ തെരേസ് മനോജ്

# മാവ്

എന്റെ വീടിന്റെ അപ്പുറത്ത് ഉണ്ടൊരു മാവ്
ആ മാവിൽ നിറയെ  മാമ്പഴമുണ്ട്
ആ  മാമ്പഴങ്ങൾ തിന്നാൻ എത്തും
അഥിതികൾ
അണ്ണാനും കിളികളും പുഴുക്കളും മറ്റ്
ജീവജാലങ്ങളും

ഓരോരോ ജീവജാലങ്ങൾക്കും
ആശ്രയമാണീ മാവ്
പഴങ്ങളായും ഇലകളായും തടിയായും
ഭക്ഷണമായും വായുവായും പാർപ്പിടമായും
ജീവന്റെ നിലനിൽപ്പായും



– സഫാ സെയ്ദ്

# അമ്മ



വീടിൻ വിളക്കമ്മ

നാടിൻ വെളിച്ചമെൻ അമ്മ

സ്നേഹത്തിൻ വറ്റാത്ത ഉറവ

വാടിയ പൂവിനും

തളരുന്ന പുല്ലിനും

ജലമായ് വളമായ് അമ്മ

\- അലീനാ രാജു

# ഭൂമി



ഹാ സുന്ദരം ഈ ഭൂമി

ഹാ മനോഹരം ഈ ഭൂമി

ഈ കൊച്ചു കൃതിയിലെ കാഴ്ച

കണ്ണുകൾക്ക് കുളിർമയെകുന്നു

ഒരോ ദിവസവും വിരിയുന്ന പൂവിനെ

ഞാൻ നോക്കി നിൽക്കുന്ന

പൂവിന ഞാൻ നോക്കിനിൽക്കുന്നു

പോലെ നിന്നെയും ഞാൻ നോക്കിനിൽക്കുന്നു

നിന്നെ മുത്തമിട്ടു മറയുന്ന പുലരിയും

മാനത്ത് കുസൃതി കാട്ടി മുത്തു മാല പേിട്ടിച്ച് ഓടി വന്ന

രജനിയും

നിൻെറ മനോഹിരിത വർധിപ്പിക്കുന്നു.

നിന്നിൽ നിന്നും ഇവിടെ ഉുള്ളത് ഇന്നും മിന്നുന്നു.

ഈ ഭൂമിൽ ആയി ഉള്ളത് നമ്മെ ജിവിക്കാൻ

തോന്നിപ്പിക്കുന്നു.

- അനിറ്റ
മോൾ ജോജോ

# നിദ്ര



മിന്നാമിനുങ്ങുകൾ പാറിപറക്കുന്ന രാത്രി

നക്ഷത്രകുഞ്ഞുങ്ങൾ മിന്നിതിങ്ങുന്നു

നിൻ ശോഭതൻ ഭംഗി ഞാൻ

ആസ്വദിക്കുന്നു

നിന്റെ ഏകാന്തതയിൽ ഞാനുറങ്ങുന്നു

അന്ധകാരം നീക്കുമ്പോൾ ഞാനുണരുന്നു

നീയുള്ളപ്പോൾ ഞാൻ സങ്കടമറിയുന്നില്ല

താരകം തിളങ്ങുമ്പോൾ ഞാൻ സന്തോഷിക്കുന്നു

നിലാവും സന്തോഷം പരത്തുന്നു

-അനഘ രാഘവൻ

# രാത്രി

**സസ്ധ്യ മറഞ്ഞു രാത്രി അണഞ്ഞു**
**ആഴിയിൽ മത്സ്യങ്ങൾ എന്നപോലെ**
**കറുത്ത ഗഗനത്തിൽ തുള്ളികളിക്കുന്ന ചന്ദ്രനും നക്ഷത്രങ്ങളും**

**രാത്രയിൽ ചന്ദ്രൻ മിന്നിത്തിളങ്ങുന്നത്**
**എല്ലാവർക്കും മനസ്സിൽ കുളിർമ നൽകുന്നു**
**നക്ഷത്രങ്ങൾ മാലകൾ പോലെ മിന്നിത്തിളങ്ങുന്നു**
**താരകങ്ങൾ കഴുത്തിൽ അണിഞ്ഞ് നിൽക്കുന്ന ഗഗനം**
**വളരെ ഭംഗി തോന്നിപ്പിക്കുന്നു**

**ഗഗനത്തിന്റെ നെറ്റിയിലെ**
**പൊട്ടായ് ചന്ദ്രൻ തിളങ്ങുന്നു**
**ഓരേ ദിവസവും ഓരേ രൂപത്തിലും**

**കറുത്ത സിംഹത്തിനെപോലെ**
**ഗർജ്ജിക്കുന്ന കറുത്ത ആകാശം**



**ചിലപ്പോൾ അസ്ധകാരത്തിനാൽ**
**നമ്മളെ ഭയപ്പെടുത്താറുണ്ട്**

**എങ്കിലും പകലിനെക്കാൾ സൗന്ദര്യം രാത്രിക്കാണ്**
**രാത്രിയാണ് അഴകിൻ്റെ ഉത്തമോദാഹരണം**
**മിന്നിതിളങ്ങുന്ന നക്ഷത്രങ്ങളും ചന്ദ്രനും കറുത്ത ഗഗനവും**
**എന്തു ഭംഗി !**
**എന്തു ഭംഗി !**

അന്ന മരിയാ ജേക്കബ്

# വിദ്യാലയം

**കണ്ണിമ  ചിമ്മിാതെ നോക്കി നിന്ന ഞാൻ**
**ആകാശം മുട്ടുന്ന കെട്ടിടത്തെ**
**മഴവില്ല് പോലെ ഉയർന്നു നിൽക്കുന്ന**
**ആ കെട്ടിടത്തിനെന്തു ഭംഗി**
**അമ്മയില്ലാതെ അച്ഛനില്ലാതെ**
**ഞാൻ മാത്രം ഒറ്റയ്ക്കായിരുന്നു**
**എന്തിനു നിങ്ങൾ എന്നോടി ക്രൂരത**
**എന്തിനെന്നെ തടങ്കലിലാക്കി....**




**ആഷ്നാ അനൂപ്**

# പൂവ്



ഭംഗി നിറയുമീ സുന്ദരി
നിന്നെ കാണാൻ എന്ത് ശോഭ
സൗരഭ്യം തുളുമ്പുന്ന നിൻ ഇതളുകളിൽ
തേൻ തുടിക്കുന്നു
നീ എത്ര  സുന്ദരി
നീ എത്ര മനോഹരി
കാണാനായി ഞാൻ കൊതിക്കുന്നു

ഗായത്രി ബിജു

# ഖനനം




**തെന്നി മറയുന്ന മോഹം പലതും**
**കണ്ണുനീർ അണിയുന്ന**
**പാരിനെ നോക്കി പൊട്ടിച്ചിരിക്കുന്ന**
**കാട്ടാളന്മാർ**

**ഖനനം മൂലം ദോഷം വന്നൊരു**
**നാടിൻ കഥ നാം കേൾക്കേണം**
**ആലപ്പാടിൻ മക്കൾ തന്നുടെ**

കണ്ണീരിൻ മൊഴി കേൾക്കേണം

-കൃഷ്ണ ബി. നായർ

# ഭൂമിയുടെ ദാഹം



കൈക്കുമ്പിളിൽ
നീർത്തുള്ളിയേന്തി
ധാരധാരയായി ഒഴുകുന്ന ജനത
വറ്റാത്ത നീർത്തടാകത്തെ തേടി
പ്രതീക്ഷയോടെ നീങ്ങുന്ന ജനത
ഒരുജലത്തുള്ളിപോലും

**കാണ്മതില്ല**
**അജ്ഞതയിലൊഴുകുന്ന ജലത്തെ**
**തേടി പ്രതീക്ഷയോടെ നീന്തുന്നവർ**

**-മാളവിക സുരേഷ്**

# ചുവന്ന പൂവ്

**ഹായ്! കാണാൻ എന്തു ഭംഗി,**
**എന്തൊരു ആനന്ദം**
**ചുവപ്പു നിറത്തിനാൽ നിറഞ്ഞ്,**
**കണ്ണിന് സൗന്ദര്യമായി,**
**തേൻ നുകരാൻ തേനീച്ചകൾ വന്ന്**
**ചുറ്റും മൂളിടുന്നു**



ആ സംഗീതത്തിൽ നൃത്തമാടുന്ന
കൊച്ചുപൂവ് സുന്ദരിപൂവ് !
ഹായ് ! കാണാൻ എന്തു ഭംഗി,
എന്തൊരു ആനന്ദം.......

-മെറിൻ ബിനോയി

# കേരളം



സുന്ദരി ആയ കേരളം
മനോഹരമായ  നാട്
നിൻ ഭംഗി
നുകരാനായി
ഞാൻ തുടിക്കുന്നു
നീ എത്ര സുന്ദരി
നീ എത്ര മനോഹരി
പച്ചപ്പ് നിറയുമീ എൻ
വീട്
കാണുവാൻ തന്നെ
കോമളം

നവ്യ എം നായർ


# സൗഹൃദം




**ചേതസിൽ പതിയുന്ന ഒന്നാണ്**
**സൗഹൃദം**
**സൗഹൃദം നമ്മെ നാം ആക്കുന്നു**
**ഒരിക്കലും മറക്കാൻ കഴിയാത്ത**
**ഒരനുഭൂതിയാണ് സൗഹൃദം**
**സൗഹൃദം എന്നത് മൂന്ന അക്ഷരമല്ല**
**നിലനിൽക്കുന്ന ഒരു ബന്ധമാണ്**
**ചേതസിൽ നിറയുന്ന ബന്ധമാണ്**
**സൗഹൃദം**
**പീയുഷ നിറഞ്ഞതാണ് സൗഹൃദം..**

-നാസിയ നൗഷാദ്

# പുലരി



**പുലരി എന്നോർക്കുന്‌പോൾ**
**മനസ്സിനെന്തൊരു കുളിര്**
**ളുമഞ്ഞ് വീശുന്ന പുലരി**
**ഇളം കാറ്റ് വീശുന്ന പുലരി**
**അമമതൻ മധുരം നുകരുന്ന**
**പുലരിയെ കാണാനെന്തൊരു ചന്ദം**
**പൂക്കളെ  കുളിരണിയിക്കുന്ന പുലരി**

മധുരം നിറയുന്ന പുലരി..

-നെജ്മി സൈനുദ്ദീൻ

# കൂട്ടുകാരി



മനസ്സിൻ നൊമ്പരങ്ങൾ പങ്കിടാൻ
നീറുന്ന ഓർമ്മകൾ ഒപ്പുവാൻ
സന്തോഷത്തിൻ മാധുര്യം നുകരാൻ
എനിക്കായ് ഒരിറ്റു കണ്ണീർ വാർത്താൻ
പാഠശാലയിൽ മാത്രം ലഭിക്കുന്ന
സമ്മാനം
മനസ്സിൻെറ ആടിത്തട്ടിൽ

ഉറങ്ങുന്ന നീ.
സൗഹൃദത്തിൻ തേൻ  ഒഴുക്കി നീ.
ഒരു നോക്ക് കാണുവാൻ  എൻ കണ്ണുകൾ
തേടുന്നു  നിന്നെ.

-ബിവ്യാ തെരേസ് മനോജ്

# നന്മയുടെ മുകുളങ്ങൾ

വളരണം,
വളർന്നു വലുതാവണം,
വിജയം നേടണം,
ജീവിതത്തിന്റെ എല്ലാ
രംഗങ്ങളിലും
മുന്നേറി വിജയിക്കണം-



എല്ലാ മനുഷ്യരുടെയും ലക്ഷ്യമാണത്.
പക്ഷേ എങ്ങനെ മുന്നേറണം?
തീർച്ചയായും നന്മയുടെ വഴിയിലൂടെയാവണം
നമ്മുടെ പ്രയാണം.
നന്മയുടെ വഴികളിലേക്ക്
ഒരു ചൂണ്ടുപലക-
അതാണീ ഗ്രന്ഥം...

ജെസ്റ്റിമോൾ സണ്ണി

# ഗുരു

ഇരുട്ടിനെ വെളിച്ചമാക്കുന്ന
ആന്തരീകമായ ശകതി
കുരുന്നുകൾതൻ മനസ്സിൻ
അറിവിന്റെ
അടിത്തറ ഉറപ്പിച്ചവൻ



മായയാം ലോകത്ത് മഞ്ഞുപോലുള്ള  ജീവിതം
പളുങ്കിപാത്രത്തിൻ കോരിയെടുത്തവൻ
ആദ്യാക്ഷരം ചൊലിതന്നവർ
വികൃതി കാട്ടുമ്പോൾ ചൂരൽകഷായം തന്നും
വിജയിച്ചു വരുമ്പോൾ സമ്മാനങ്ങൾ തന്നും
ഒരു അമ്മയെന്നപോൽ  സ്നേഹിച്ചു..

- റാബിയ ഷംസുദിൻ

# നീ



എൻ ഹൃദയത്തിൻ അകത്തട്ടിൽ
ഒരു വേനൽ മഴയായി വന്നതോ, നീ എൻ

ഹൃദയത്തിൽഒരു ചെറു ചിരിയായി വന്നതോ നീ
നിൻ ഓർമ്മകൾ എൻ മനസ്സിനെ
ഉണർത്തുന്നു
നിൻ വാക്കുകൾ എനിക്ക്
സന്തോഷമാവുന്നു
നീ അറിയാതെ തന്നെ അതെൻെറ
മനസ്സിനെ തൊട്ടുണർത്തുന്നു
ഒരു സ്വാന്തനമായി..........

-റീയ രാജീവ്

# അദ്ധ്വാനത്തിൻെറ മഹത്വം

അലസനാണ ഞാനെന്നാകിലും
പ്രയത്നിക്കാനൊരു കൈത്തിരി-
യേകിയ എല്ലാവർക്കും ഒരായിരം
നന്ദിപറഞ്ഞു നമസ്കരിക്കുന്ന ഞാൻ
താന്താൻ പ്രവർത്തിക്കുന്നതിന്
ഫലം താന്തൻ അനുഭവിച്ചീടു
മെന്നുള്ള മൊഴി പൂർണമായ്
സത്യവാണെന്നറിഞ്ഞിടുന്ന ഞാൻ




ഏതേതു പ്രവർത്തികൾക്കുമുള്ള
പൂർത്തികരണത്തിന് തടസമായ
നിൽക്കുന്ന കഴുകക്കണ്ണുകൾ തകർത്തു
വിജയം വരിക്കാനായ് കഠിന പ്രയത്ന ചെയ്യും ഞാൻ
സോദരങ്ങളാം വേദനയും, കഷ്ടപാടും
എന്നിവയെല്ലാം ധീരമായ് തരണം ചെയ്ത്
വിജയക്കൊടി പാറിച്ച സോദരങ്ങളാം
സന്തോഷ സൗഭാഗ്യമഹത്വം നേടും ഞാൻ...

-ജെസ്റ്റിമോൾ സണ്ണി

# സഖാവ്

ധീര യോദ്ധാവേ ....
നിൻ്റെ മൗനം പോലും
നൂറ്റാണ്ടുകൾ താണ്ടിയകലുന്ന
ഗർജ്ജനമാണ്.
നിൻ്റെ ശരീരം ഏതു
ചതുപ്പിലൊളിച്ചാലും
നേരിൻ്റെ പോരാട്ടങ്ങളിൽ
ഇരമ്പിയെത്തുന്ന യൗവനങ്ങളിൽ
ആത്മത്യാഗത്തിൻ്റെ
അനശ്വര ശബ്ദമായി
നിൻ്റെ വാക്കുകൾ മുഴങ്ങിനിൽക്കുന്നു....



-കാർത്തിക ലാലു

# നന്ദി

പ്രിയപ്പെട്ട കൂട്ടുകാരെ,

ഞങ്ങളുടെ 'ഡിജിറ്റൽ മാഗസിൻ' എന്ന ഈ കൈയെഴുത്തു മാസിക എല്ലാവർക്കും ഇഷ്ടപ്പെട്ടു എന്ന കരുതുന്നു. ഇങ്ങനെ ഒരു കൈയെഴുത്തു മാസിക എഴുതാൻ ഞങ്ങളെ പ്രോത്സാഹിപ്പിച്ച ബൈജു സാറിനും ജാൻസി ടീച്ചറിനും നന്ദി പറയുന്നു. ലിറ്റിൽ കൈറ്റ്സിൻെറ ഭാഗമായി നടത്തുന്ന ഈ  കൈയെഴുത്തു മാസിക ഞങ്ങൾക്ക് മലയാളം ടൈപ്പിങ്ങിൽ കൂടുതൽ വേഗത്തിൽ ടൈപ്പ് ചെയ്യാൻ സഹായകമായി. ഒരു കൈയെഴുത്തു മാസിക എങ്ങനെ ഭംഗിയായി 'ലിബർ ഓഫീസ് റൈറ്റ്റി'ൽ പെട്ടെന്ന് ചെയ്യാൻ സാധിക്കുമെന്ന് പഠിച്ചു. ഇതിനുവേണ്ടി അദ്ധ്വാനിച്ച എല്ലാവർക്കും നന്ദി പറയുന്നു.

എന്ന് നന്ദിയോടെ,

ജെസ്റ്റിമോൾ സണ്ണി



# നന്ദി